# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 03 <br> JULY 03 | 2018 |
|---|---|

*1193 മിഥുനം 19 ചൊവ്വ*

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**വിദ്യാഭ്യാസ അവാർഡിന് അപേക്ഷിക്കാം**

കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ നിന്നും എസ്എസ്എൽസി/ടിഎച്ച്എസ്എൽസി പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയവർക്ക് വിദ്യാഭ്യാസ അവാർഡ് ലഭിക്കുന്നതിന് അപേക്ഷിക്കാം. 2018 മാർച്ചിൽ സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിച്ച് പാസായവരായിരിക്കണം അപേക്ഷകർ. ഈമാസം 10ന് ഉച്ചകഴിഞ്ഞ് മൂന്നുവരെ അപേക്ഷ ക്ഷേമനിധി ഓഫീസിൽ സ്വീകരിക്കും. അപേക്ഷ സമയം 24 മാസത്തിൽ കുറയാത്ത കുടിശിക ഉള്ളവർ അടയ്ക്കണം. ഫോൺ: 0468-2327415.

(പിഎൻപി 1763/18)

**പൊതുവിദ്യാഭ്യാസ വകുപ്പിലെ ഫയൽ തീർപ്പാക്കൽ കാര്യക്ഷമമാക്കാൻ ഫയൽ ഓഡിറ്റ്**

പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലെ ഓഫീസുകളിൽ ഫയൽ തീർപ്പാക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനും ഫയൽ തീർപ്പ് കൽപ്പിക്കൽ കാര്യക്ഷമമാക്കുന്നതിനും 2018-19 വർഷത്തിൽ ഫയൽ ഓഡിറ്റ് എന്ന സമഗ്ര പദ്ധതി നടപ്പാക്കും. ജില്ലാതല ഫയൽ ഓഡിറ്റിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ തിരുവല്ല മുൻസിപ്പൽ ചെയർമാൻ കെ.വി.വർഗീസ് നിർവഹിച്ചു.

വിദ്യാഭ്യാസ ഉപഡയറക്ടർ എം.കെ.ഗോപിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ആർ.എസ്.ഷിബു മുഖ്യ

പ്രഭാഷണം നടത്തി. യോഗത്തിൽ എം.പി.ഗോപാലകൃഷ്ണൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എസ്.ലീന, കെ.എൻ.ശ്രീകുമാർ, വർഗീസ് ജോസഫ്, പി.ജി.ശ്രീരാജ്, എസ്.ബിനു, പി.എസ് ഫൈസൽ,. ദിലീപ്കുമാർ, അജി.എസ്.കുമാർ, കിരൺ, ജി.ഉഷാറാണി, റ്റി.ജി.ഉഷാകുമാരി അമ്മ, കലേഷ് എന്നിവർ സംസാരിച്ചു. (പിഎൻപി 1764/18)

## റേഷൻ കാർഡ് അപേക്ഷ

മല്ലപ്പള്ളി താലൂക്കിൽ റേഷൻ കാർഡ് സംബന്ധമായ രണ്ടാംഘട്ട അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. ഇന്ന്(4) ആനിക്കാട് പഞ്ചായത്തിലേയും നാളെ(5)യും ആറിനും പുറമറ്റം പഞ്ചായത്തിലേതും ഏഴിനും ഒൻപതിനും എഴുമറ്റൂർ പഞ്ചായത്തിലെ അപേക്ഷകളും 10നും 11നും കോട്ടാങ്ങൽ പഞ്ചായത്തിലെ അപേക്ഷകളും 12നും 13നും കൊറ്റനാട് പഞ്ചായത്തിലെ അപേക്ഷകളും സ്വീകരിക്കും. അപേക്ഷാ ഫോറം www.civilsupplieskerala.gov.in എന്ന സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. (പിഎൻപി 1765/18)

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 491 പേർക്ക് നിയമനം ലഭിച്ചു

ജില്ലയിൽ രണ്ട് വർഷ കാലയളവിനുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 491 പേർക്ക് ജോലി നൽകി. ഇതിൽ 392 പേർക്ക് താത്കാലിക നിയമനവും 99 പേർക്ക് സ്ഥിരനിയമനവുമാണ് നൽകിയത്. തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ വിഭാഗത്തിലെ അവിവാഹിത അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ എന്നിവർക്ക് ഉപജീവന മാർഗം കണ്ടെത്തുന്നതിനായി സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് നടപ്പാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതി ഏറെ ശ്രദ്ധേയമായി. 2016-17 സാമ്പത്തിക വർഷം 50 ശതമാനം സബ്സിഡിയോടെ 67 ലക്ഷം രൂപ ഈ പദ്ധതിയിൻ കീഴിൽ അനുവദിച്ചു. 134 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 2017-18 സാമ്പത്തികവർഷം 130 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡിയോടെ 65 ലക്ഷം രൂപ വായ്പയായി അനുവദിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്കുകളുമായി ചേർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതിയാണ് കെസ്റു.വായ്പാ തുകയുടെ 20 ശതമാനം അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെ ഈ വായ്പകൾക്ക് സബ്സിഡി ലഭിക്കും. 2016-17 സാമ്പത്തിക വർഷം ജില്ലയിൽ 5.03 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 4.09 ലക്ഷം രൂപയും കെസ്റു. പദ്ധതിയിൽ സബ്സിഡിയായി 53 ഗുണഭോക്താക്കൾക്ക് അനുവദിച്ചു.

ബാങ്കുകളുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നടപ്പാക്കുന്ന മറ്റൊരു സ്വയംതൊഴിൽ പദ്ധതിയായ ജോബ് ക്ലബ്/മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് പദ്ധതിയിൻ കീഴിൽ തൊഴിൽരഹിതർക്ക് 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 25 ശതമാനം വരെ സബ്സിഡി ലഭിക്കും. 2016-17 സാമ്പത്തിക വർഷം 1.90 ലക്ഷം രൂപയും 2017-18 സാമ്പത്തികവർഷം മൂന്നു ലക്ഷം രൂപയും ഈ പദ്ധതിയിൽ സബ്സിഡിയായി ആറ് ഗുണഭോക്താക്കൾക്ക് അനുവദിച്ചു.

വിദ്യാർഥികൾക്കും തൊഴിൽ അന്വേഷകർക്കും മാർഗനിർദേശം നൽകുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഗൈഡൻസ് വിഭാഗം നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2016-17 വർഷം 20 ഹയർ സെക്കൻഡറി സ്കൂളുകളിൽ കരിയർ ഗൈഡൻസ് സെമിനാറുകളും കരിയർ എക്സിബിഷനുകളും നടത്തുകയും 50 ഉദ്യോഗാർഥികൾക്ക് 25 ദിവസം നീണ്ടു നിന്ന മത്സരപരീക്ഷാ പരിശീലനം നൽകുകയും ചെയ്തു. 2017-18 വർഷം 20 ഹയർസെക്കൻഡറി സ്കൂളുകളിൽ

കരിയർ എക്സിബിഷനുകളും 100 വിദ്യാർഥികൾക്ക് 25 ദിവസം നീണ്ടു നിൽക്കുന്ന മത്സര പരീക്ഷാ പരിശീലനവും നൽകി. (പിഎൻപി 1766/18)

## പദ്ധതി പുരോഗതി അവലോകനം: മന്ത്രിയുടെ യോഗം 13ന്

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ പദ്ധതി നിർവഹണ പുരോഗതി അവലോകനം ചെയ്യുന്നതിനും 2017-18 വാർഷിക പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ ആദരിക്കുന്നതിനും തദ്ദേശഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീലിന്റെ അധ്യക്ഷതയിൽ ഈമാസം 13ന് ഉച്ചയ്ക്ക് രണ്ടിന് തിരുവല്ല ബോധനയിൽ യോഗം ചേരും. തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ പുരോഗതി റിപ്പോർട്ടുമായി യോഗത്തിന് എത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 1767/18)

## എംബിഎ അഡ്മിഷൻ

കേരള സർവകലാശാലയുടെയും എഐസിടിഇയുടെയും അംഗീകാരത്തോടെ പുന്നപ്ര അക്ഷരനഗരി കേപ്പ് കാമ്പസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ ദ്വിവത്സര ഫുൾടൈം എംബിഎ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സസ്, ഓപ്പറേഷൻസ് എന്നിവയിലാണ് എസ്ടി വിഭാഗത്തിന് ഉൾപ്പെടെയുള്ള ഒഴിവുകൾ ഉള്ളത്. 50 ശതമാനം മാർക്കോടെ ബിരുദവും കെമാറ്റ്/സീമാറ്റ്/ക്യാറ്റ് ഉള്ളവർക്കും ജൂലൈയിൽ കെമാറ്റ് എഴുതുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാഫോം കോളജിൽ ലഭിക്കും. വിലാസം: ഡയറക്ടർ, ഐഎംടി പുന്നപ്ര, ആലപ്പുഴ. ഫോൺ 0477-2267602. 9995092285. (പിഎൻപി 1768/18)

### ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാതല ഫയൽ ഓഡിറ്റിന്റെ ഉദ്ഘാടനം തിരുവല്ല മുൻസിപ്പൽ ചെയർമാൻ കെ.വി.വർഗീസ് തിരുവല്ലയിൽ നിർവഹിക്കുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂലൈ 03**

**JULY 03**

**2018**

***1193 മിഥുനം 19 ചൊവ്വ***

# പത്രക്കുറിപ്പ്-2


www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


## ഗവി യാത്രാ പദ്ധതിയുമായി കുടുംബശ്രീ ടൂറിസം രംഗത്തേക്ക്

**സി.ആർ. വൈശാഖ്**

മലയോര ജില്ലയുടെ തിലകക്കുറിയായ ഗവിയുടെ വന്യ സൗന്ദര്യം ആസ്വദിക്കാൻ സഞ്ചാരികൾക്ക് യാത്രാ പദ്ധതിയുമായി ജില്ലാ കുടുംബശ്രീ മിഷൻ ടൂറിസം രംഗത്തേക്ക് ചുവടുവയ്ക്കുന്നു. പട്ടികജാതി വികസന വകുപ്പിൽ നിന്നും ജില്ലാ കുടുംബശ്രീ മിഷന് അനുവദിച്ച 89 ലക്ഷം രൂപ ഉപയോഗിച്ച് രണ്ട് മിനി ബസുകൾ ഇതിനായി വാങ്ങും. ഇതിനൊപ്പം കൊടുമൺ, ആങ്ങമൂഴി, കൊച്ചുപമ്പ എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള മൂന്നു മിനി റസ്റ്റോറന്റുകളും സജ്ജമാക്കും. സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഭാഗമായാണ് പട്ടികജാതി വികസന വകുപ്പ്, വനം വകുപ്പ്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർ ഹുസൈൻ പറഞ്ഞു.

ഓഗസ്റ്റ് അവസാന വാരത്തോടെ സർവീസ് ആരംഭിക്കത്തക്കവിധമാണ് നടപടികൾ പുരോഗമിക്കുന്നത്. 24 സീറ്റുകൾ വീതമുള്ള രണ്ട് എയർകണ്ടീഷൻഡ് മിനി ബസുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ കുടുംബശ്രീ ക്ഷണിച്ചു കഴിഞ്ഞു. കൊടുമൺ, ആങ്ങമൂഴി, കൊച്ചുപമ്പ എന്നിവിടങ്ങളിലെ മിനി റസ്റ്റോറന്റുകളുടെ നിർമാണവും ആരംഭിച്ചു. കൊടുമണ്ണിലെ മിനി റസ്റ്റോറന്റിനുള്ള സ്ഥലം ഗ്രാമപഞ്ചായത്താണ് നൽകിയിട്ടുള്ളത്. ആങ്ങമൂഴിയിൽ കുട്ടവഞ്ചി സവാരി കേന്ദ്രത്തോട് ചേർന്ന് സീതത്തോട് പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് മിനി റസ്റ്റോറന്റ് സജ്ജീകരിക്കുന്നത്. കൊച്ചു പമ്പയിൽ കെഎസ്ഇബിയുടെ സ്ഥലത്താണ് റസ്റ്റോറന്റ് ആരംഭിക്കുന്നത്.

മിനി ബസുകൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ അടൂരിലുള്ള കേന്ദ്രത്തിൽ നിന്നും സർവീസ് ആരംഭിച്ച് കൊടുമണ്ണിലെത്തി കോന്നി, തണ്ണിത്തോട്, ചിറ്റാർ, ആങ്ങമൂഴി, കൊച്ചു പമ്പ വഴി ഗവിയിലെത്തും. മിനി ബസുകളിൽ ഒരെണ്ണം അതേ ദിവസം തന്നെ തേക്കടി, കുമളി, മുണ്ടക്കയം വഴി തിരികെ അടൂരിലെത്തും. രണ്ടാമത്തെ മിനി ബസ് ആദ്യ ദിവസം തേക്കടിയിൽ തങ്ങി അടുത്ത ദിവസം കുമരകം/ആലപ്പുഴ യാത്രയ്ക്കു ശേഷം അടൂരിലെത്തും. മിനി ബസുകളിൽ ഒരെണ്ണം എല്ലാ ദിവസവും രണ്ടാമത്തേത് ഒന്നിടവിട്ട ദിവസങ്ങളിലും അടൂരിൽ നിന്നും സർവീസ് നടത്തും.

സഞ്ചാരികൾക്ക് കുടുംബശ്രീയുടേയും ഡിടിപിസിയുടേയും വെബ് സൈറ്റിൽ യാത്ര ബുക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കും. ഒരു ദിവസത്തേക്ക് ഒരാൾക്ക് രണ്ടായിരം രൂപയും രണ്ടു ദിവസത്തേക്ക് നാലായിരം രൂപയുമാണ് ഭക്ഷണം ഉൾപ്പെടെ ഈടാക്കുക. രണ്ട് ദിവസത്തെ യാത്രയിൽ ഗവി കൂടാതെ തേക്കടി, കുമരകം/ ആലപ്പുഴ എന്നീ സ്ഥലങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കാനനസൗന്ദര്യം ആസ്വദിക്കാൻ ട്രക്കിംഗ്, കാട്ടിലൂടെയുള്ള സഫാരി, വന്യമൃഗനിരീക്ഷണം, പക്ഷി നിരീക്ഷണം തുടങ്ങിയവയ്ക്കും അവസരമുണ്ടാകും.

ഗവി യാത്രാ പദ്ധതി നടത്തിപ്പിനായി പട്ടികജാതി വികസന വകുപ്പ്, വനം വകുപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവയുടെ കൺസോർഷ്യം രൂപീകരിക്കും. പട്ടികജാതി വിഭാഗത്തിലുള്ള യുവതീ യുവാക്കൾക്ക് കൂടുതൽ അവസരം നൽകുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുക. പദ്ധതിയുമായി ബന്ധപ്പെട്ട ജോലികളിൽ 75 ശതമാനവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും 25 ശതമാനം മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കുമായിരിക്കും നൽകുക. കുടുബശ്രീ അംഗങ്ങൾക്കോ, കുടുംബശ്രീ കുടുംബാഗങ്ങൾക്കോ മാത്രമായിരിക്കും പദ്ധതിയിൽ ജോലി നൽകുക.

സമുദ്രനിരപ്പിൽ നിന്ന് 3400 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നിത്യഹരിത വനപ്രദേശമാണ് ഗവി. സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ടതാണ് ഗവി യാത്ര. മലമടക്കുകളും ചോലവനങ്ങളും ചെറിയ അണക്കെട്ടുകളുമാണ് ഗവി യാത്രയുടെ പ്രധാന ആകർഷണം. വന്യത ആസ്വദിച്ച് കാടിന് നടുവിലൂടെയുള്ള യാത്ര സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ പകർന്നു നൽകും. (പിഎൻപി 1769/18)

## കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററിന് കടമ്പനാട് തുടക്കമായി

കടമ്പനാട് പഞ്ചായത്തിൽ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററും കമ്യൂണിറ്റി കൗൺസലിംഗ് സെന്ററും പ്രവർത്തനം ആരംഭിച്ചു. സ്ത്രീകളും കൗമാരക്കാരും കുട്ടികളും അനുഭവിക്കുന്ന മാനസിക വൈകാരിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ രീതിയിൽ പിന്തുണാ സഹായം നൽകുകയാണ് കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകളുടെ ലക്ഷ്യം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബ്ലോക്ക് തലത്തിലാണ് കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നത്. കടമ്പനാട് പഞ്ചായത്തിലെ ജെൻഡർ റിസോഴ്സ് സെന്ററിന്റെയും കമ്യൂണിറ്റി കൗൺസലിംഗ് സെന്ററിന്റെയും ഉദ്ഘാടനം ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിച്ചു.

സ്ത്രീകളെ ശാക്തീകരിച്ച് സമൂഹത്തിൽ അവരുടെ സ്ഥാനം ഉയർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രാദേശികവികസനത്തിൽ ലിംഗനീതിയും സമത്വവും ഉറപ്പാക്കുന്നതിനോടൊപ്പം സ്ത്രീകൾക്കും കുട്ടികൾക്കും നിയമസഹായവും അവരുടെ ശാരീരിക മാനസിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ കൗൺസിലിംഗ്, പ്രീമാരിറ്റൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്ന സ്ഥിരം സംവിധാനം എന്ന നിലയിലാണ് ഇതിന്റെ പ്രവർത്തനം. കൂടാതെ ജെൻഡർ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

കടമ്പനാട് പഞ്ചായത്ത് പ്രസിഡന്റ് എ.ആർ. അജീഷ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ ജില്ലാ പഞ്ചായത്ത് അംഗം

ടി മുരുകേഷ് , ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ മോനി കുഞ്ഞുമോൻ, സി. രാജമ്മ, ഉഷ വിജയൻ, രാധാമോൾ, ബിനു രാജ്, അഡ്വ.മറിയാമ്മ തോമസ്, സിഡിഎസ് ചെയർ പേഴ്സൺ അജു ബിജു, ജില്ലാ കുടുംബശ്രീ ജെൻഡർ പ്രോഗ്രാം മാനേജർ പി.ആർ അനൂപ തുടങ്ങിയവർ പങ്കെടുത്തു. കടമ്പനാട് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെന്ററിന്റെ ചെലവ് രണ്ട് ലക്ഷം രൂപയാണ്. (പിഎൻപി 1770/18)

## റോഡ് ഉദ്ഘാടനം ചെയ്തു

തോട്ടപ്പുഴശേരി പഞ്ചായത്തിലെ അരുവിക്കുഴി പനയ്ക്കത്തടം തടിയൂർ റോഡ് വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്തു. എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ ചെലവഴിച്ചാണ് റോഡ് നവീകരണം പൂർത്തിയാക്കിയത്. റോഡിന്റെ വശങ്ങളിൽ ഓട, കലുങ്ക് എന്നിവയും നവീകരണത്തിന്റെ ഭാഗമായി പൂർത്തിയാക്കി. വിനോദ സഞ്ചാര കേന്ദ്രമായ അരുവിക്കുഴി വെള്ളച്ചാട്ടത്തിലേയ്ക്കുള്ള പ്രധാന വഴിയാണ് ഈ റോഡ്.

തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് എൽസി ക്രിസ്റ്റഫർ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡണ്ട് സി.വി ഗോപാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്തംഗം കെ.ആർ രത്നകുമാരിയമ്മ, പഞ്ചായത്തംഗം മഞ്ചു വർഗീസ്, ജോർജ് തോമസ്, ജോർജ് ഡാനിയേൽ, എംജി സുകുമാരൻ, കെ പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1771/18)

## പനി: 585 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (3) 585 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 11 പേരിൽ അഞ്ചു പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 76 പേർ ചികിത്സ തേടി. ചെറുകോൽ, മലയാലപ്പുഴ, വല്ലന, കോയിപ്രം എന്നിവിടങ്ങളിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. (പിഎൻപി 1772/18)

## ഫോട്ടോ അടിക്കുറിപ്പ്

2) കടമ്പനാട് പഞ്ചായത്തിലെ ജെൻഡർ റിസോഴ്സ് സെന്ററിന്റെയും കമ്യൂണിറ്റി കൗൺസലിംഗ് സെന്ററിന്റെയും ഉദ്ഘാടനം ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിക്കുന്നു.
3) അരുവിക്കുഴി പനയ്ക്കത്തടം തടിയൂർ റോഡ് വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂലൈ 03**<br>**JULY 03** | **2018** |

***1193 മിഥുനം 19 ചൊവ്വ***

## പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**റേഷൻ കാർഡ് പുതുക്കൽ**

വിവിധ താലൂക്കുകളിൽ രണ്ടാംഘട്ട റേഷൻ കാർഡ് പുതുക്കൽ ആരംഭിച്ചു. പഞ്ചായത്ത് അടിസ്ഥാനത്തിലാണ് അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ സ്വീകരിക്കുന്നത്. ഇതിനായി എല്ലാ താലൂക്കുകളിലെയും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സമയക്രമം നിശ്ചയിച്ചു. റാന്നി താലൂക്ക്- റാന്നി പഞ്ചായത്തിലെ അപേക്ഷകൾ തിങ്കളാഴ്ചകളിലും അങ്ങാടി, പഴവങ്ങാടി പഞ്ചായത്തുകളിലേത് ചൊവ്വാഴ്ചകളിലും അയിരൂർ, ചെറുകോൽ പഞ്ചായത്തുകളിലേത് ബുധനാഴ്ചകളിലും വടശേരിക്കര, പെരുനാട് പഞ്ചായത്തുകളിലേത് വ്യാഴാഴ്ചകളിലും നാറാണംമൂഴി, വെച്ചൂച്ചിറ പഞ്ചായത്തുകളിലേത് വെള്ളിയാഴ്ചകളിലും റാന്നി താലൂക്ക് സപ്ലൈ ഓഫീസിൽ സ്വീകരിക്കും.

കോഴഞ്ചേരി താലൂക്ക്- കോഴഞ്ചേരി പഞ്ചായത്തിലെ അപേക്ഷകൾ ഇന്നും(4) നാളെയും(5) നാരങ്ങാനം പഞ്ചായത്തിലേത് ഈമാസം ആറിനും ഏഴിനും ചെന്നീർക്കര പഞ്ചായത്തിലേത് ഒൻപതിനും പത്തിനും ആറന്മുള പഞ്ചായത്തിലേത് 11നും 12നും കുളനട പഞ്ചായത്തിലേത് 13നും 16നും മെഴുവേലി പഞ്ചായത്തിലേത് 17നും 18നും താലൂക്ക് സപ്ലൈ ഓഫീസിൽ സ്വീകരിക്കും.

റേഷൻ കാർഡ് ആധാറുമായി ബന്ധിപ്പിച്ചിട്ടില്ലാത്ത എല്ലാ കാർഡ് ഉടമകളും കാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളും ജൂലൈ 15ന് മുൻപ് ആധാറും റേഷൻ കാർഡുമായി ബന്ധിപ്പിക്കണമെന്ന് കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. ഇതിനായി എല്ലാ

അംഗങ്ങളും ആധാറിന്റെ പകർപ്പുമായി റേഷൻ കടകളിൽ എത്തി ഇപോസ് മെഷീനിലൂടെ ആധാർ ബന്ധിപ്പിക്കണം. (പിഎൻപി 1773/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്